File No.DWCD/918/2022-ICDSA5

26-05-2022 ന് ബഹു ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിന്റെ മിനിറ്റ്സ്

ആദ്യ 1000 ദിന പരിപാടിയുമായി ബന്ധപ്പെട്ട് ബഹു ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ച എല്ലാ പ്രോഗ്രാം ഓഫീസർമാരുടെയും മീറ്റിംഗ് 26-05-2022 ന് ഉച്ചയ്ക്ക് 3 മണിയ്ക്ക് ആരംഭിച്ചു. പ്രസ്തുത മീറ്റിംഗിൽ പദ്ധതിയുമായി ബന്ധപ്പെട്ട വിവധ വിഷയങ്ങൾ ചർച്ചചെയ്യുകയുണ്ടായി. മീറ്റിംഗിന്റെ പ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

**തീരുമാനങ്ങൾ**

1. ആദ്യ 1000 ദിന പരിപാടിയുടെ ഭാഗമായി ഓരോ പ്രോജക്റ്റിൽ നിന്നും പദ്ധതിയിൽ അർഹരായ എല്ലാ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രോജക്റ്റ് തലത്തിൽ ചെയ്യേണ്ടതാണ്. നിലവിൽ നിശ്ചയിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം നിലനിർത്തേണ്ടതും പ്രോജക്റ്റുകളിൽ ഗുണഭോക്താക്കൾ കൂടുതൽ ഉണ്ടെങ്കിൽ ആയത് അറിയിക്കേണ്ടതുമാണ്.
2. എല്ലാ ഗുണഭോക്താക്കളും തെറാപ്യൂട്ടിക് ഫുഡ് കഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും ഫുഡ് കഴിക്കാൻ വിസമ്മതം അറിയിക്കുന്നവർക്ക് ആവശ്യമായ ബോധവൽക്കരണം നടത്തേണ്ടതുമാണ്.
3. കോഴിക്കോട് ജില്ലയിൽ 2022-23 ൽ പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുള്ള പന്തലായനി അഡിഷണൽ പ്രോജക്റ്റിൽ ന്യൂട്രിമാം ,ഗ്രാവി പൊടി വിതരണം ചെയ്യുന്നതിനാൽ ഈ പ്രോജക്റ്റിന് പകരം പുതിയ ഒരു പ്രോജക്റ്റ് തെരഞ്ഞെടുത്ത് നൽകുന്നതിന് നിർദ്ദേശിച്ചു.

മീറ്റിംഗ് 4 pm ന് അവസാനിച്ചു.

07/06/2022

Signature valid

Digitally signed by Priyanka G
Date: 2022.06.07 10:55:49 IST
Reason: Approved